(ഡി) ഹെൽത്ത് ടൂറിസവുമായി സഹകരിക്കുന്ന ആശുപത്രികളിൽ ലഭ്യമായ വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങളെക്കുറിച്ചും ആശുപത്രി ചെലവുകളെ സംബന്ധിച്ചും പ്രചാരണം നടത്താൻ നടപടി സ്വീകരിക്കുമോ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ):

(എ) കേരളത്തിന്റെ പാരമ്പര്യ ആയുർവ്വേദ ചികിത്സാ രീതി പ്രോത്സാഹിപ്പിക്കുന്നതിനായി ടൂറിസം കേന്ദ്രങ്ങളിൽ ആയുർവ്വേദ സെന്ററുകൾ ടൂറിസം വകുപ്പിന്റെ ക്ലാസിഫിക്കേഷനോടെ പ്രവർത്തിച്ചു വരുന്നു.

(ബി) ആയുർവേദ ചികിൽസ പ്രോത്സാഹിപ്പിക്കുന്നതിന്റെയും പൊതുവെ ഓഫ് സീസണായ മൺസൂൺ കാലത്തുള്ള ടൂറിസ്റ്റുകളുടെ വരവ് വർദ്ധിപ്പിക്കുന്നതിലേക്ക് വേണ്ടിയും ഹോട്ടലുകൾ, ആയുർവേദ സെന്ററുകൾ, മറ്റ് സർവ്വീസ് ദാതാക്കൾ തുടങ്ങിയവരെ ഉൾപ്പെടുത്തി വിവിധ പരസ്യപ്രചാരണ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി ഈ കാലയളവിൽ കൂടുതൽ വിനോദസഞ്ചാരികളെ കേരളത്തിലേക്കായി ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി&ഡി) നിലവിൽ ആയുർവേദ ചികിത്സാ സമ്പ്രദായം പ്രചരിപ്പിക്കുന്നതിനാണ് വകുപ്പ് പ്രാധാന്യം നൽകി വരുന്നത്.

സൈബർ കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ

18(*48) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. കെ. പി. മോഹനൻ :
ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സൈബർ കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സൈബർ കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനുള്ള നടപടികൾക്കായി ലഭ്യമായ കേന്ദ്ര സഹായം എത്രയെന്ന് വ്യക്തമാക്കുമോ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ):

(എ) ഉണ്ട്.

(ബി) സൈബർ കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

LIBRARY ARCHIVES Kerala Legislative Assembly

1. സംസ്ഥാനത്ത് സൈബർ ക്രൈം സംബന്ധമായ കേസുകൾ കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ച് വരുന്നു.

2. സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനായി ഒരു സൈബർ ക്രൈം പോലീസ് സ്റ്റേഷൻ തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്നു. കൂടുതൽ സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യമുള്ള സൈബർ കേസുകൾ ലോക്കൽ സ്റ്റേഷനുകളിൽ നിന്ന് ട്രാൻസ്ഫർ ചെയ്ത് കിട്ടുന്നത് ഇവിടെ അന്വേഷിച്ചുവരുന്നു.

3. പോലീസ് ആസ്ഥാനത്ത് സൈബർക്രൈം സംബന്ധമായ പരാതികൾ അന്വേഷിക്കുന്നതിനും സൈബർ പോലീസ് സ്റ്റേഷന് സാങ്കേതിക സഹായം നൽകുന്നതിനുമായി ഒരു ഹൈടെക് ക്രൈം ഇൻവെസ്റ്റിഗേഷൻ സെൽ പ്രവർത്തനം ആരംഭിക്കുകയും സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട കേസ്സുകളുടെ അന്വേഷണത്തിന് സഹായം നൽകി വരികയും ചെയ്തുവരുന്നുണ്ട്.

4. ജില്ലകളിൽ ജില്ലാ/സിറ്റി പോലീസ് ആസ്ഥാനത്തോടനുബന്ധിച്ച് ജില്ലാ സൈബർ സെല്ലുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

5. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന്റെ ഭാഗമായി പത്ര മാധ്യമങ്ങളിലൂടെയും ദൃശ്യമാധ്യമങ്ങളിലൂടെയും സ്കൂൾ കോളേജ് തലത്തിൽ മീറ്റിംഗുകൾ, സ്റ്റഡി ക്ലാസ്സുകൾ മുഖേനയും പൊതുജനങ്ങളെ സൈബർ നിയമത്തെക്കുറിച്ചും സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തിവരുന്നു.

(സി) പോലീസ് ആധുനികവൽക്കരണ പദ്ധതി പ്രകാരം ആകെ 79 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്. ഇതിനുപുറമെ സൈബർ ഫോറൻസിക് & ഡിജിറ്റൽ അനാലിസിസ് സെന്റർ പദ്ധതി നടപ്പാക്കുന്നതിനായി കേന്ദ്ര സർക്കാർ 168.2 ലക്ഷം രൂപ, സി-ഡാക്കിന് നേരിട്ട് നൽകിയിട്ടുണ്ട്.

സമഗ്ര തീരവികസന പരിപാടി

19(*49) ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) തീരദേശമേഖലയുടെ വികസനം ലക്ഷ്യമാക്കി സർക്കാർ ആവിഷ്കരിച്ച സമഗ്ര തീരവികസന പരിപാടിയുടെ വിശദാംശം നൽകുമോ;

(ബി) പദ്ധതിയിൽ ഉൾപ്പെടുത്തി ഇതിനകം പൂർത്തിയാക്കിയ പരിപാടികൾ ഏതെല്ലാമാണ്;

(സി) മൊത്തം എത്ര കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കുന്നത്;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തീരദേശമേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly